(സി) പ്രസ്തുത പദ്ധതികളിൽ 2012-13-ൽ പൂർത്തീകരിക്കാത്ത പദ്ധതികളുണ്ടോ ; വ്യക്തമാക്കാമോ ; അവയ്ക്കായി തുടർ വർഷങ്ങളിൽ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ ഇതേവരെ പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) അനുബന്ധം I, II, III & IV ആയി ചേർത്തിട്ടുണ്ട്.*

സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

159 (1986) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; തീരദേശ മേഖലയിലെ ഏതെല്ലാം പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്നത് ;

(ബി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കോർപ്പറേഷൻവഴി സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുവാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, കോൾഡ് ചെയിൻ സംവിധാനം, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ:

പദ്ധതി	കേന്ദ്ര വിഹിതം (കോടി രൂപ)	സംസ്ഥാന വിഹിതം (കോടി രൂപ)
സമഗ്ര തീരദേശ വികസന പദ്ധതി	..	35.83
സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി	..	112.36
നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി	..	160.00
13-ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമ പദ്ധതി	44.27	..
ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി	..	48.75
ഫ്രഷ് ഫിഷ് ടു ആൾ പദ്ധതി	2.70	0.30
കട്ടമരങ്ങൾക്ക് ഒ.ബി.എം. നൽകുന്ന പദ്ധതി	0.30	0.33
കടൽ സുരക്ഷ പദ്ധതി	6.75	0.10
ആധുനിക മത്സ്യമാർക്കറ്റുകൾ	64.43 (എൻ.എഫ്.ഡി. ബി.)	14.28
മത്സ്യത്തൊഴിലാളി സാമൂഹിക അടിസ്ഥാന സൗകര്യവികസന പദ്ധതി	..	17.74
മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം (ഫിഷ് മെയ്ഡ്)	3.00	0.35

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

GPM. 2/240/2020-30

LIBRARY ARCHIVES Kerala Legislative Assembly